എച്ച്3–18026/18

തിരൂർ, തിയതി: 10.12.2018

## റീ–ടെണ്ടർ നോട്ടീസ്

തിരൂർ നഗരസഭ 2018–19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരണ സാധനസാമഗ്രികൾ, ഉപകരണങ്ങൾ വാങ്ങുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു.

ടെണ്ടർ ഷെഡ്യൂൾ ലഭിക്കുന്ന അവസാന തിയ്യതി, സമയം 18.12.18, 3.PM, ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി, സമയം 19.12.2018, 12.PM, അന്നേ ദിവസം 3 മണിക്ക് ടെണ്ടർ തുറക്കുന്നതുമാണ്. പൂർണ്ണ രൂപത്തിലുള്ള ടെണ്ടർ പരസ്യം നഗരസഭ നോട്ടീസ് ബോർഡിലും www.tirurmunicipality.in വെബ്സൈറ്റിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

ടെണ്ടറിൽ ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5% തുകക്കുള്ള നിരതദ്രവ്യത്തിന്റെ ഡി.ഡി (നഗരസഭാ സെക്രട്ടറിയുടെ പേരിൽ മാറാവുന്നത്) മുദ്രവെച്ച് ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കൗൺസിൽ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറക്ക് 200/– രൂപ മുദ്രപ്പത്രത്തിൽ ഒരു എഗ്രിമെന്റും ക്വാട്ട് ചെയ്ത തുകയുടെ 5% തുകക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും സമർപ്പിക്കേണ്ടതാണ്. സപ്ലൈ ഓർഡറിൽ ആവശ്യപ്പെടുന്ന സാധനങ്ങൾ നിശ്ചിത തിയ്യതിക്കകം സപ്ലൈ ചെയ്ത് ബിൽ സമർപ്പിക്കുന്ന മുറക്ക് ബിൽ തുക അനുവദിക്കുന്നതാണ്. ടെണ്ടർ സംബന്ധിച്ച മറ്റ് എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കുന്നതാണ്.

ടെണ്ടർ സംബന്ധിച്ച ഏതൊരു തീരുമാനവും സ്വീകരിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. ആവശ്യമായ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു.

സെക്രട്ടറി
തിരൂർ നഗരസഭ
ഹെൽത്ത് സൂപ്പർവൈസർ
തിരൂർ നഗരസഭ

ഉള്ളടക്കം: സ്പെസിഫിക്കേഷൻ

TIRUR MUNICIPAL OFFICE * TIRUR *

എസ്എം/10.12.18